**മധുരമായ കുട്ടികളേ - ജ്ഞാനത്തിന്റെ തൃക്കണ്ണുകൊണ്ട് ബാബയെ കാണൂ, ബാബയെത്തന്നെ ഓർമ്മിയ്ക്കൂ, ഈ ശരീരത്തെ കണ്ടുകൊണ്ടും കാണരുത്.**

**ചോദ്യം:-** ഈ പഴയ ലോകത്ത് താമസിച്ചുകൊണ്ട് നിങ്ങൾക്ക് ഏതു നിർദ്ദേശമാണ് ലഭിച്ചിരിയ്ക്കുന്നത്?
**ഉത്തരം:-** മധുരമായ കുട്ടികളേ, നിങ്ങൾ താമസിച്ചുകൊണ്ടിരിയ്ക്കുന്ന ഈ പഴയലോകം ശ്മശാനമാകുന്നതാണ്, ഇതിൽ രാവണന്റെ രാജ്യമാണ്, ഇതിനോട് സ്നേഹം വെയ്ക്കരുത്. ഇവിടെ ഇരുന്നുകൊണ്ടും ബുദ്ധിയുടെ ആസക്തി പുതിയ ലോകത്തോടായിരിയ്ക്കണം. കുടുംബത്തിലിരുന്നും കമല പുഷ്പസമാനമിരിയ്ക്കൂ, എല്ലാവരുമായും സ്നേഹത്തോടെയിരിയ്ക്കൂ. ബുദ്ധിയോഗം ഒരു ബാബയുമായി യോജിപ്പിച്ചു വെയ്ക്കൂ. ജ്ഞാന-യോഗത്തിൽ ഉറച്ച് നിൽക്കൂ. ഒരു കാരണവശാലും സന്തോഷം കുറഞ്ഞു പോകരുത്. ധൈര്യമായിരുന്ന് കർമ്മ ബന്ധനങ്ങളെ ഇല്ലാതാക്കിക്കൊണ്ടുപോകൂ.

**ഗീതം:-** ധൈര്യത്തോടെ ഇരിയ്ക്കൂ മാനവാ.....

**ഓം ശാന്തി.** മനുഷ്യൻ, മനുഷ്യനോട് ധൈര്യമായിരിയ്ക്കാൻ പറയുന്നത് ദുഃഖവും അസുഖവുമുണ്ടാകുന്ന സമയത്താണ്. ഇവിടെയാണെങ്കിൽ നിങ്ങൾ മനുഷ്യമത പ്രകാരമല്ല നടക്കുന്നത്. നിങ്ങൾ ഈശ്വരീയ മതപ്രകാരമാണ് നടക്കുന്നത്. അതും എല്ലാവരും നടക്കുന്നില്ല. ഈശ്വരൻ, ആരെയാണോ സത്യമായ അച്ഛൻ, സത്യമായ ടീച്ചർ, സത്ഗുരു എന്നു പറയുന്നത് - ആ ഈശ്വരന്റെ മതം വളരെ പ്രസിദ്ധമാണ്. ഭഗവാൻ തന്നെയാണ് ശ്രീമതം നൽകിയിരുന്നത് - മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നതിന്റെ അതായത് ദേവീകലോകത്തിന്റെ അധികാരിയായി മാറുന്നതിന്റെ. ഇത്രയും ശ്രേഷ്ഠമായ നിർദ്ദേശം വേറെ ആർക്കും നൽകാൻ കഴിയുകയില്ല എന്തുകൊണ്ടെന്നാൽ എല്ലാ മനുഷ്യരും പതിത-ഭ്രഷ്ടാചാരികളാണ്. അവർ നൽകുന്ന നിർദ്ദേശങ്ങളും അങ്ങിനെത്തന്നെയായിരിയ്ക്കും. നിങ്ങൾ കുട്ടികൾക്കുമാത്രമേ അറിയുകയുള്ളൂ നമുക്ക് ശ്രീമതം ശിവബാബയാണ് നൽകുന്നതെന്ന്. ഉയർന്നതിലും ഉയർന്ന ബാബയുടെ ഉയർന്നതിലും ഉയർന്ന നിർദ്ദേശമാണ്. ബാബയെ ആരും ഭ്രഷ്ടാചാരിയെന്നോ പതിതമെന്നോ പറയുകയില്ല. പതിതർ തന്നെയാണ് ആ നിരാകാര പിതാവിനെ വിളിയ്ക്കുന്നത്, ഇത് സാകാര പിതാവിന്റെ കാര്യമല്ല. അതുകൊണ്ടാണ് പറയുന്നത് മനുഷ്യമതത്തെ കേൾക്കരുതെന്ന്. *മോശമായത് കേൾക്കരുത്, മോശമായത് കാണരുത്. . . .* ഈ കണ്ണുകൾ മനുഷ്യന്മാരെ കാണുന്നുണ്ട്, എന്നാൽ നിങ്ങൾക്ക് മൂന്നാം കണ്ണ് ലഭിച്ചിട്ടുണ്ട്, ഇതുകൊണ്ട് നിങ്ങൾ ബാബയെ കാണണം, ബാബയെത്തന്നെ ഓർമ്മിയ്ക്കണം. വേറെ ആർക്കും തന്നെ ഈ തൃക്കണ്ണില്ല, ബാബയെ കാണാനും കഴിയുകയില്ല. ബാബയെ കാണാൻ പോകുമ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു, അത് ആത്മാവാണെന്ന് ബുദ്ധിയിലുണ്ട്. നിങ്ങൾ ആത്മാവിനെയാണ് കാണുന്നത്. ജീവാത്മാവെന്നാണ് പറയേണ്ടത്. കേവലം സഹോദരി എന്നു പറയുമ്പോൾ ആത്മാവാണെന്ന കാര്യം മറന്നു പോകുന്നു. ഈ ശരീരത്തെ കൂടി മറക്കാനാണ് ഇവിടെ നിങ്ങളെ പഠിപ്പിയ്ക്കുന്നത്. സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിയ്ക്കൂ. ബാബയെ ദിവ്യനേത്രം കൊണ്ട് കാണൂ. നിങ്ങളുടെ ആത്മാവിന് ഇപ്പോൾ പ്രകാശം ലഭിച്ചിരിയ്ക്കുകയാണ്- നമ്മുടെ അച്ഛൻ ആരാണെന്ന്! എവിടെ വസിയ്ക്കുന്നു! അച്ഛനിൽ നിന്ന് നമുക്ക് എന്ത് ലഭിയ്ക്കുന്നു! നിങ്ങളെപ്പോലെ ബാബയിൽ നിന്ന് സമ്പത്തെടുക്കാൻ പുരുഷാർത്ഥം ചെയ്യുന്നവർ ഈ ലോകത്തിൽ ആരും തന്നെയില്ല. കുട്ടികളായി മാറാതെ ബാബയിൽ നിന്ന് എങ്ങിനെ സമ്പത്തെടുക്കാൻ പുരുഷാർത്ഥം ചെയ്യും? ബാബയുടെ പക്കൽ പരിധിയില്ലാത്ത സമ്പത്തുണ്ട്. സുര്യവംശി രാജാവാകുന്നതാണ് എന്നതാണ് ഏറ്റവും വലിയ പദവി. വക്കീൽ ഭാഗം പരീക്ഷ പാസാകുന്നതും എല്ലാവരും ഒരുപോലെയല്ല. ചിലർക്ക് നല്ല സമ്പാദ്യമുണ്ട്, എന്നാൽ ചിലർ ഭക്ഷണത്തിനുപോലും സമ്പാദിയ്ക്കുന്നില്ല. നിങ്ങളിപ്പോൾ മനസ്സിലാക്കുകയാണ് നാം ഈശ്വരനിൽ നിന്നും രാജപദവി പ്രാപ്തമാക്കുകയാണെന്ന്. ഒരു മനുഷ്യനേയും ആർക്കും സത്യമായ പിതാവെന്നോ, സത്യമായ ടീച്ചറെന്നോ ഗുരുവെന്നോ പറയാൻ കഴിയുകയില്ല. അനേകം ഗുരുക്കന്മാരുണ്ട്, എന്നാൽ സത്യമായ ഗുരു ഒന്നു മാത്രമേയുള്ളൂ. ബാക്കി സർവ്വരും കള്ളം പറയുന്നവരാണ്. അവർക്ക് സത്യമായ സത്ഗതി ആർക്കും നൽകാൻ കഴിയുകയില്ല. സത്ഗുരുവിന്റെ മഹിമ എനിയ്ക്കും നിങ്ങൾക്കുപോലും അറിയുകയില്ലായിരുന്നു. ആരുടെ ബുദ്ധിയിലും ഉണ്ടാകുകയില്ല എങ്ങിനെ സത്യമായ ടീച്ചറും ഗുരുവുമാകുന്നുവെന്ന്. അവരാണെങ്കിൽ സർവ്വവ്യാപിയെന്ന് പറഞ്ഞ് കാര്യത്തെ അവസാനിപ്പിച്ചിരിയ്ക്കുകയാണ്. അവർ പരമാത്മാവിനെ വേറെയായി കാണുന്നേയില്ല - അതായത് അച്ഛനാണെന്ന്, നാം കുട്ടികളാണ്. അവർ പറയുകയാണ് എല്ലാം അച്ഛൻ തന്നെ അച്ഛനാണെന്ന്. മാത്രമല്ല, പരമാത്മാവിനെ കല്ലിലും മണ്ണിലുമിട്ടിരിയ്ക്കുകയാണ്. ബാബ പറഞ്ഞു മനസ്സിലാക്കിത്തരുകയാണ്, അങ്ങിനെയില്ല. നിങ്ങൾ കുട്ടി

കൾക്കിപ്പോൾ നിശ്ചയമായിരിയ്ക്കുകയാണ് സത്യമായ അച്ഛനും, സത്യമായ ടീച്ചറും സത്യമായ ഗുരുവും ഒന്നുമാത്രമേയുള്ളൂ എന്ന്. ആ അച്ഛനെ ആരും തന്നെ അറിയുന്നില്ല. അറിയുമായിരുന്നെങ്കിൽ അവിടെ പോകുമായിരുന്നു. ആരെയെങ്കിലും അറിയുകയാണെങ്കിൽ, അവരുടെ പേര്, രൂപം, ദേശം, കാലം മുതലായവ എല്ലാം തന്നെ അറിയണം. അല്ലെങ്കിൽ അറിഞ്ഞിട്ട് എന്തു പ്രയോജനം! മനുഷ്യരെല്ലാവരും ദുഃഖിതരാണ്, അതുകൊണ്ട് ശാന്തി ആഗ്രഹിയ്ക്കുന്നു. അവർക്ക് ഇത് അറിയുകയില്ല, വാസ്തവത്തിൽ നാം ശാന്തിധാം വാസികളാണെന്ന്. നാം അവിടെ നിന്നാണ് ഇവിടെ വന്നിരിയ്ക്കുന്നത്. നാം ആത്മാക്കളുടെ സ്വധർമ്മം ശാന്തിയാണ്. ബാബ ഗുരുക്കന്മാരെക്കുറിച്ച് പറയാറുണ്ട്, അവർക്ക് ആർക്കും സത്ഗതി നൽകാൻ കഴിയുകയില്ല. അവർ പേടിപ്പിയ്ക്കുകയാണ്, ഗുരുവിനെ നിന്ദിയ്ക്കുന്നവർക്ക് ഗതി കിട്ടുകയില്ല. വാസ്തവത്തിൽ ഈ കാര്യങ്ങളെല്ലാം പരിധിയില്ലാത്ത ബാബയെക്കുറിച്ചാണ്, അതായത് നങ്ങൾ എന്റെ നിന്ദ ചെയ്യുകയാണെങ്കിൽ സത്യയുഗത്തിൽ ഉയർന്ന ഗതി ലഭിയ്ക്കുകയില്ല. സന്യാസികൾക്ക് ഇങ്ങിനെ പറയാൻ കഴിയുകയില്ല, നിങ്ങളെന്റെ നിന്ദ ചെയ്യുകയാണെങ്കിൽ ഗതി ലഭിയ്ക്കുകയില്ലെന്ന്. ഏത് ഗതി? ഗതിയെക്കുറിച്ച് ഒന്നും അറിയുകതന്നെയില്ല. സാധന ചെയ്തുകൊണ്ടേയിരിയ്ക്കുകയാണ്, എന്നാൽ ആ സാധനകൊണ്ട് സത്ഗതി ലഭിയ്ക്കുകയില്ല. ഇത് ബാബ തന്നെ വന്നാണ് ധൈര്യം നൽകുന്നത്. നിങ്ങൾ കുട്ടികൾക്കറിയാം നാം 84 ജന്മങ്ങളുടെ ചക്രം കറങ്ങി, ഇപ്പോൾ വളരെ ദുഃഖിതരാണ്. ഏതുവരേയും സുഖധാമിന്റെ സാക്ഷാൽക്കാരമുണ്ടാകുന്നില്ലയോ, എങ്ങിനെ ദുഃഖധാമിനെ മനസ്സിലാക്കും. നിങ്ങൾ കുട്ടികളിപ്പോൾ മനസ്സിലാക്കുന്നു ഇത് ദുഃഖധാമമാണ്– അല്പകാലത്തെ സുഖം മാത്രേയുള്ളൂ. അല്പകാലത്തെ ഈ രാജ്യത്തിൽ എന്തു സുഖമാണുള്ളത്! ഗാന്ധിജി രാമരാജ്യം സ്ഥാപിച്ചു എന്നാണ് എല്ലാവരും കരുതുന്നത്. എന്നാൽ അങ്ങിനെയല്ല, ഇപ്പോഴാണെങ്കിൽ രാവണരാജ്യം ഒന്നുകൂടെ ശക്തമായിരിയ്ക്കുകയാണ്. എല്ലാവരും പതിതരും ഭ്രഷ്ടാചാരികളുമാണ്. മുമ്പെ പതിതരായിരുന്നു, ഇപ്പോൾ ഭ്രഷ്ടാചാരികളുമാണ്. ഇത് കലിയുഗാന്ത്യമാണ്. എവിടെപ്പോയാലും കോഴ നൽകണം. ബാബ വന്ന് ലോകത്തിലെ മുഴുവൻ മനുഷ്യരോടും പറയുകയാണ് ഇപ്പോൾ ധൈര്യമായിരിയ്ക്കൂ, എന്നാൽ ആരും ഒന്നും കേൾക്കുന്നില്ല. അവസാന സമയം എല്ലാവരും മനസ്സിലാക്കും. പ്രദർശിനികളിലും പറഞ്ഞു കൊടുക്കുന്നുണ്ട് എങ്ങിനെ ദുഃഖത്തിന്റെ ലോകത്തെ മാറ്റി സുഖത്തിന്റെ ലോകത്തെ ഉണ്ടാക്കുന്നു എന്ന്. അവസാനം എല്ലാവരും കേൾക്കുക തന്നെ ചെയ്യും. ഒരു ഭാഗത്ത് മായ എല്ലാവരുടേയും കഴുത്ത് ഞെരിച്ചു കൊണ്ടിരിയ്ക്കുകയാണ്. മറുഭാഗത്ത് ബാബ തന്റെ പരിചയം നൽകിക്കൊണ്ടിരിയ്ക്കുകയാണ്. അനേകർക്ക് ഇനിയും ബാബയുടെ പരിചയം ലഭിക്കാനുണ്ട്. പതുക്കെ പതുക്കെ മഹിമ വന്നു വന്ന്, പിന്നീട് പത്രങ്ങളിലും വരും. അപ്പോൾ അനേകർ വരും. ഇതിൽ പരിശ്രമം ആവശ്യമാണ്. ധർമ്മങ്ങളും മഠങ്ങളും മറ്റും സ്ഥാപിയ്ക്കുന്നത് വളരെ സഹജമാണ്. ബുദ്ധമതക്കാരുടെ ഒരു പ്രഭാഷണം കൊണ്ട്, 60 – 70 ആയിരങ്ങൾ ബുദ്ധമതം സ്വീകരിയ്ക്കുന്നു. ഇവിടെയാണെങ്കിൽ വളരെ പരിശ്രമം വേണം. മായ വളരെ ശക്തമായി നേരിടുന്നു. അവിടെ മായയോട് യുദ്ധം ചെയ്യേണ്ട കാര്യമേയില്ല. ഇവിടെ മായയോട് യുദ്ധം ചെയ്യുന്നതിൽ പ്രയാസമുണ്ട്. മുഖ്യമായ കാര്യം പവിത്രതയുടേതാണ്. വേറെ എവിടെയും പവിത്രതയുടെ കാര്യമില്ല. അവരാണെങ്കിൽ വീടിനോട് വൈരാഗ്യം വരികയോ അല്ലെങ്കിൽ എന്തെങ്കിലും പാപകർമ്മങ്ങൾ ചെയ്യുകയോ ചെയ്താൽ, സന്യാസം ധാരണ ചെയ്യുന്നു, അതുകൊണ്ട് കള്ളന്മാരെ പിടിയ്ക്കുന്നതിനും സർക്കാറും സന്യാസി, സി.ഐ.ഡി മുതലായവരെ നിയമിയ്ക്കുന്നു. ഇടനിലക്കാരുടെ രൂപത്തിലും, വ്യാപാരികളുടെ രൂപത്തിലും സി.ഐ.ഡികളുണ്ട്. ഗുപ്ത രൂപത്തിൽ പോലീസിന്റെ പല പണികളും നടക്കുന്നുണ്ട്. സുഹൃത്തുക്കളായി ചമഞ്ഞും സ്വർണ്ണ വ്യാപാരികളോട് കൂട്ടുപിടിയ്ക്കുന്നു, പിന്നെ എല്ലാ കളവുകളും പിടിയ്ക്കുന്നു. കച്ചവടക്കാരും കച്ചവടം ചെയ്യുന്നുണ്ട്, സി.ഐ.ഡി. കളും കച്ചവടം ചെയ്യുന്നുണ്ട്. ഈ ലോകം വളരെ കുഴപ്പത്തിൽ കുടുങ്ങിയിരിയ്ക്കുകയാണ്. നിങ്ങൾ ഈ കാര്യങ്ങളിൽ നിന്നെല്ലാം വളരെ ദൂരത്താണ്, വളരെ ഭാഗ്യശാലികളാണ്. ലോകത്താണെങ്കിൽ പ്രയാസങ്ങൾക്കു മുകളിൽ പ്രയാസങ്ങളാണ്. നിങ്ങൾക്ക് വളരെ പ്രാപ്തിയുണ്ട്. അവർ ദുഃഖിതരായി മരിയ്ക്കുകയാണ്. നിങ്ങളിവിടെ ഈ ശരീരം വിടാൻ വേണ്ടിയിരിയ്ക്കുകയാണ്. ഈ ശരീരം നഷ്ടപ്പെടുകയാണെങ്കിൽ നാം ബാബയുടെ അടുക്കൽ പോകും. ഹൃദയം ബാബയിലും പുതിയലോകത്തിലുമാണ്. ഈ പഴയ ലോകത്ത് എന്താണുള്ളത്. ഇത് പഴയ വസ്ത്രമാണ്. ഇതിനോട് വൈരാഗ്യം വരികയാണ്. സന്യാസികൾക്ക് വൈരാഗ്യം വരുന്നത് കുടുംബത്തിനോടാണ്. സ്ത്രീയെ സർപ്പമാണെന്നു പറയുന്നു. നിങ്ങളുടേതാണ് സത്യം സത്യമായ വൈരാഗ്യം. പറയാറുമുണ്ട് – ജ്ഞാനം, ഭക്തി, വൈരാഗ്യം. ജ്ഞാനം ലഭിച്ചിരിയ്ക്കുകയാണ് പഴയലോകത്തോട് വൈരാഗ്യം വെയ്ക്കൂ എന്ന്. ഇത് ശ്മശാനമാണ്. അവരുടേത് പരിധിയുള്ള സന്യാസമാണ്, അവർക്കറിയുകയില്ല ഈ പഴയ ലോകം വിനാശം പ്രാപിയ്ക്കുമെന്ന്. അവർ പറയുകയാണ് ഞങ്ങൾക്ക് ഒന്നിച്ച് വീട്ടിലിരിയ്ക്കാൻ കഴിയുകയില്ല, അതുകൊണ്ട് വീടിനോട് വൈരാഗ്യം വന്ന് വീട് വിട്ട് കാട്ടിലേയ്ക്ക് പോകുന്നു. നിങ്ങളുടേത് പരിധിയില്ലാത്ത വൈരാഗ്യമാണ്. പക്ഷെ ഇതിനെക്കുറിച്ച് ആർക്കും അറിയുകയില്ല. നിങ്ങൾ പറയുകയാണ് – ഞങ്ങൾക്ക് മുഴുവൻ ലോകത്തോടും,

ശ്മശാനത്തോടും വൈരാഗ്യമാണെന്ന്. ഇത് രാവണ രാജ്യമാണ്. പഴയ ലോകത്തോട് സ്നേഹം വെയ്ക്കുന്ന ഒരു വിഡ്ഢിയുമുണ്ടാകുകയില്ല. പൂർണ്ണമായും തയ്യാറാകുമ്പോൾ അഥവാ സത്യയുഗം വരേണ്ട സമയമാകുമ്പോൾ യുദ്ധവും പൊട്ടിപ്പുറപ്പെടും. ചിലരെഴുതുകയാണ്, ഞങ്ങൾ വീട്ടിലിരിയ്ക്കുകയാണ്, എന്താണ് ചെയ്യേണ്ടതെന്നറിയില്ല. മമത്വം വിടുന്നില്ലായെങ്കിൽ എങ്ങിനെ സംരക്ഷണം ലഭിയ്ക്കും. ബാബ പറയുകയാണ് കുട്ടികളേ, ഇവിടെത്തന്നെയാണ് ഇരിക്കേണ്ടത്, പക്ഷെ ബുദ്ധിയോഗം പുതിയ ലോകത്തോടായിരിയ്ക്കണം. സത്യമായ സ്നേഹം അവിടെയായിരിയ്ക്കണം. ഈ പഴയലോകത്തോടും ദേഹത്തോടും വൈരാഗ്യം വരണം. പിന്നെ എന്താണ് ബാക്കി. ചിലർ ചോദിയ്ക്കുകയാണ്– ബാബ, അങ്ങ് പറയുന്നുണ്ടല്ലോ ഇരു ഭാഗത്തേയും തൃപ്തിപ്പെടുത്തണമെന്ന്. തീർച്ചയായും അങ്ങിനെ ചെയ്യണം. ഇല്ലെങ്കിൽ സന്യാസികളെപ്പോലെയാകും. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും പവിത്രമായിരിയ്ക്കൂ. ദേഹീ–അഭിമാനിയായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ, എങ്കിൽ ബുദ്ധിയോഗം ബാബയോട് വെയ്ക്കാൻ കഴിയും. ഞാൻ ആത്മാവാണ്, ബാബയുടെ പക്കലേയ്ക്ക് പോകണം. ബാബ പറയുകയാണ് ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നും പവിത്രമായിരിയ്ക്കൂ. ജ്ഞാനയോഗമില്ലെങ്കിൽ ഇവിടെത്തന്നെ കിടക്കും ഓരോരുത്തരുടേയും ജാതകം വേറെ വേറയാണ്, ഓരോരുത്തർക്കും യുക്തിയും വേറെ വെറെയാണ് ലഭിയ്ക്കുന്നത്. എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ ബാബയോട് പറയണം. ഒരു കാരണവശാലും സന്തോഷം നഷ്ടപ്പെടരുത്. നാം വീട്ടിൽ പോകുകയാണ്, പിന്നീട് രാജധാനിയിൽ വരും. ഇനി കുറച്ചു സമയമേ ബാക്കിയുള്ളൂ. പാർട്ടഭിനയിക്കണം. മമത്വം ഉപേക്ഷിക്കയണം. ഓരോരുത്തരുടേയും കർമ്മബന്ധനങ്ങളും വേറെ വേറെയാണ്. ചിലരുടേത് ഭാരമില്ലാത്തതാണ്, ചിലരുടേത് ഭാരമേറിയതാണ്. ബാബയോട് യുക്തി ചോദിച്ച് ക്ഷമയോടെ കർമ്മ ബന്ധനങ്ങളെ മുറിയ്ക്കണം. ഇതിൽ ഗുപ്തമായ പരിശ്രമം ആവശ്യമാണ്. ബുദ്ധിയെ യാത്ര ചെയ്യിപ്പിയ്ക്കുന്നതിനുള്ള പരിശ്രമം ചെയ്യണം. ഇടക്കിടെ ബുദ്ധിയോഗം മുറിയുകയാണ്. ഇപ്പോൾ പരിപക്വമാകുകയാണെങ്കിൽ കർമ്മാതീത അവസ്ഥ പ്രാപിയ്ക്കും. ഇപ്പോളാണെങ്കിൽ അനേക പ്രകാരത്തിലുള്ള സങ്കല്പ വികല്പങ്ങളുടെ കൊടുങ്കാറ്റുകളുണ്ട്. ഉറക്കമേ കെട്ടുപോകുന്നു. വികല്പങ്ങളെയാണ് കൊടുങ്കാറ്റെന്ന് പറയുന്നത്. മറ്റ് സത്സംഗങ്ങളിൽ ഇങ്ങിനെയുള്ള കാര്യങ്ങളൊന്നുമില്ല. അവിടെയാണെങ്കിൽ കർണ്ണ രസമാണ്, വേറെ യാതൊരു ലാഭവുമില്ല. ഇവിടെ പഠനമാണ്, സമ്പാദ്യത്തിനുവേണ്ടി. പഠനത്തെ കർണ്ണ രസമെന്നു പറയുകയില്ല. ബാബ മനസ്സിലാക്കിത്തരുകയാണ് ഇത് അന്തിമ ജന്മമാണ്, ഈ പഴയലോകം അവസാനിയ്ക്കാൻ പോകുകയാണ്. എന്തുകൊണ്ട് ശ്രീമത പ്രകാരം നടന്ന് ഉയർന്ന ഭാഗ്യമുണ്ടാക്കിക്കൂടാ! ഇതിൽ നിപുണരാകുന്നതുവരെയും ശരീര നിർവഹണാർത്ഥം കർമ്മങ്ങൾ ചെയ്യണം, പിന്നീട് ഈശ്വരീയ സേവനത്തിൽ മുഴുകണം. മുഴുവൻ ലോകത്തേയും രക്ഷപ്പെടുത്തണം. നിങ്ങൾ മുക്തിസൈനികരാണ്. നരകത്തിൽ നിന്ന് കരകയറ്റി സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോകുന്നു. ആ സാൽവേഷൻ സേനാനികൾക്ക് ഈ ലോകത്തിന്റ കപ്പൽ മുങ്ങിയിരിയ്ക്കുന്ന കാര്യമറിയുകയില്ല. എല്ലാവരും രാവണന്റെ ചങ്ങലയിൽ കുടുങ്ങിയിരിയ്ക്കുകയാണ്. മുഴുവൻ ലോകത്തേയും ഇപ്പോൾ രക്ഷപ്പെടുത്തണം, ഇതിന് ബാബയുടെ സഹായം വേണം. നിങ്ങൾ ആത്മീയ സാൽവേഷൻ സൈനികരാണ്. എല്ലാ മനുഷ്യരേയും രാവണന്റെ ജയിലിൽ നിന്ന് മുക്തമാക്കണം. ഇത്രയും ലഹരി വേണം. ആ ശാരീരിക സാമൂഹിക സേവകർ അനേകമുണ്ട്. നിങ്ങൾ വളരെ കുറച്ചു മാത്രമേയുള്ളൂ. ഇവിടെ മനുഷ്യരും വളരെയുണ്ട്, സത്യയുഗത്തിൽ വളരെ കുറച്ചു മനുഷ്യരേയുണ്ടാകുകയുള്ളൂ. നിങ്ങൾ കുറച്ചു കുട്ടികൾ മാത്രമേ ബാബയിൽ നിന്ന്, ആത്മീയ പിതാവിൽ നിന്ന് സമ്പത്തെടുക്കുന്നുള്ളൂ. കക്കയ്ക്ക് തുല്യമായ ഈ അന്ത്യമ ജന്മത്തെ വജ്രതുല്യമാക്കണം. ഒരു ആദി സനാതന ദേവീ–ദേവതാ ധർമ്മത്തിന്റെ സ്ഥാപനയും അനേക ധർമ്മങ്ങളുടെ വിനാശവും ചെയ്യണം. ബാബ തന്നെയാണ് ഒരു ധർമ്മത്തിന്റെ സ്ഥാപന ചെയ്യുകയും ചെയ്യിപ്പിയ്ക്കുകയും പെയ്യുന്നത്. തൈകൾ നടുവാൻ അഥവാ സ്ഥാപന ചെയ്യുവാൻ വളരെയധികം പരിശ്രമം ആവശ്യമാണ്. ഏതുവരേയും ആരെയെങ്കിലും ബാബയ്ക്ക് സമാനമാക്കി മാറ്റുന്നില്ലയോ, അതുവരേയും സന്തോഷമുണ്ടാകുകയില്ല. ദാനം നൽകുമ്പോഴേ സന്തോഷമുണ്ടാകുകയിള്ളൂ. പണമുള്ളവൻ ദാനം നൽകാതിരിയ്ക്കുമ്പോഴാണ്, പിശുക്കൻ എന്നു പറയുന്നത്. ഇവിടെ അങ്ങിനെയില്ല, ഉള്ളവർ നൽകിക്കൊണ്ടേയിരിയ്ക്കും. അല്ലെങ്കിൽ മനസ്സിലാക്കാം, അവരുടെ പക്കൽ ഒന്നുമില്ലായെന്ന്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈശ്വരീയ സാൽവേഷൻ ആർമിയായി മാറി വിശ്വത്തിന്റെ മുങ്ങിക്കിടക്കുന്ന കപ്പലിനെ കരകയറ്റണം. മനുഷ്യരെ കക്കയിൽ നിന്നും വജ്രതുല്യമാക്കണം. ജ്ഞാനധനം ദാനം നൽകുന്നതിൽ പിശുക്ക് കാണിയ്ക്കരുത്.

2) തന്റെ ഹൃദയത്തെ ബാബയിലും പുതിയ ലോകത്തിലും വെയ്ക്കണം. ഈ പഴയ ശരീരത്തോട് പരിധിയില്ലാത്ത വൈരാഗ്യം വേണം.

### വരദാനം:- ദിവ്യ ബുദ്ധിയിലൂടെ സദാ ദിവ്യതയെ ഗ്രഹിക്കുന്ന സഫലതാമൂർത്തിയായി ഭവിക്കൂ

ബാപ്ദാദയിലൂടെ ജന്മമെടുത്തപ്പോൾ തന്നെ ഓരോ കുട്ടിക്കും ദിവ്യബുദ്ധിയുടെ വരദാനം പ്രാപ്തമാകുന്നു, ആര് ഈ ദിവ്യ ബുദ്ധിയുടെ വരദാനത്തെ എത്രത്തോളം കാര്യത്തിൽ ഉപയോഗിക്കുന്നോ അത്രത്തോളം സഫലതാ മൂർത്തിയാകുന്നു എന്തുകൊണ്ടെന്നാൽ ദിവ്യത തന്നെയാണ് സഫലതയുടെ ആധാരം. ദിവ്യ ബുദ്ധിയെ പ്രാപ്തമാക്കുന്ന ആത്മാക്കൾ അദിവ്യരെ പോലും ദിവ്യരാക്കി മാറ്റുന്നു. അവർ ഓരോ കാര്യത്തിലും ദിവ്യതയെ മാത്രം ഗ്രഹിക്കുന്നു. അദിവ്യമായ കാര്യത്തിന്റെ പ്രഭാവം ദിവ്യ ബുദ്ധിയുള്ളവരിൽ ഉണ്ടാകുക സാധ്യമല്ല.

### സ്ലോഗൻ:- സ്വയത്തെ അഥിതിയെന്ന് മനസ്സിലാക്കി കഴിയൂ എങ്കിൽ സ്ഥിതി അവ്യക്തം അഥവാ മഹാനായി തീരും.